കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ

92(1017) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ മിനിമം സർവ്വീസ് പൂർത്തിയാക്കാതെ റിട്ടയർ ചെയ്യുന്നവർക്ക് നൽകുന്ന എക്സ്ഗ്രേഷ്യാ പെൻഷൻ പദ്ധതി കെ. എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് നടപ്പിലാക്കാൻ സാധിക്കാത്തത്.

(ബി)&(സി) കോർപ്പറേഷന്റെ മോശമായ സാമ്പത്തിക സ്ഥിതി കാരണം ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കാൻ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി.യുടെ കടം

93(1020) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മാർച്ച് 31-ലെ കെ.എസ്.ആർ.ടി.സി.യുടെ മൊത്തം കടം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) പലിശയിനത്തിൽ 1999-2000 സാമ്പത്തിക വർഷം കെ.എസ്. ആർ.ടി.സി. നൽകിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) 1999-2000 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം എത്ര രൂപയാണ്;

(ഡി) ഏറ്റവും കൂടുതൽ നഷ്ടമുണ്ടായത് ഏതു വർഷമെന്നും ഈ കാലയളവിലെ നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-2000-ലെ കണക്ക് പൂർത്തിയായിട്ടില്ലാത്തതിനാൽ 2000 മാർച്ച് 31-ലെ കടം തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നിർവാഹമില്ല.

(ബി) 1999-2000-ലെ കണക്ക് പൂർത്തിയാകാത്തതിനാൽ പലിശയി നത്തിൽ നൽകിയ തുക ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

(സി) 1999-2000 കണക്ക് പൂർത്തിയായിട്ടില്ലാത്തതിനാൽ ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല. 98-99 ലെ കണക്കനുസരിച്ച് കെ.എസ്.ആർ. ടി.സി.യുടെ സഞ്ചിത നഷ്ടം 447.83 കോടി രൂപയാണ്.

(ഡി) 1998-99 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധി ച്ചതിൽ ഏറ്റവും കൂടുതൽ നഷ്ടം ഉണ്ടായത് 1998-99 വർഷത്തിലാണ്. ടി വർഷത്തെ നഷ്ടം 72.35 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly